## പതിനാലാം കേരള നിയമസഭ
### രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 670.

03.11.2016 ലെ മറുപടിയ്ക്ക്.

### വായ്പകൾ എഴുതിത്തള്ളുന്നതിനുള്ള പദ്ധതി

**ചോദ്യം**

**ശ്രീ. കെ.ജെ.മാക്സി.**
**ശ്രീ ജെയിംസ് മാത്യു**
**ശ്രീ കെ. ദാസൻ**

**ഉത്തരം**

**ശ്രീ. എ. കെ. ബാലൻ**
പട്ടിക ജാതി - പട്ടിക വർഗ്ഗ പിന്നോക്ക സമുദായ ക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പ മന്ത്രി

| | | | |
|---|---|---|---|
| (എ) | പട്ടികജാതി വിഭാഗങ്ങൾക്കായുള്ള സഹകരണ സംഘങ്ങളിൽ നിന്നും എടുത്തിട്ടുള്ള വായ്പകൾ എഴുതിത്തള്ളുന്നതിനുള്ള പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ ; | (എ) | ഉണ്ട്. പട്ടിക ജാതി പട്ടിക വർഗ്ഗ വികസന കോർപ്പറേഷൻ, സഹകരണ സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ നിന്ന് പട്ടികജാതി വിഭാഗക്കാർ എടുത്തിട്ടുള്ളതും 31.03.2010 ന് മുൻപ് തിരിച്ചടവ് കാലാവധി പൂർത്തിയായതുമായ വായ്പകളിൽ മുതലും പലിശയും ചേർത്ത് ഒരു ലക്ഷം രൂപ വരെയുള്ള തുക സർക്കാർ വഹിക്കുന്നതിന് സ.ഉ(പി) 24/2015/ പജപവവിവ, തീയതി 30.03.2015 പ്രകാരം വ്യവസ്ഥ ചെയ്തിട്ടുണ്ട്. |
| (ബി) | എത്ര തുക വരെയുള്ള വായ്പകളാണ് പ്രസ്തുത പദ്ധതി പ്രകാരം എഴുതിത്തള്ളുന്നതെന്ന് വ്യക്തമാക്കാമോ ; | (ബി) | പട്ടികജാതി വിഭാഗക്കാർക്ക് സഹകരണ സ്ഥാപനങ്ങളിൽനിന്നും എടുത്തിട്ടുള്ളതും 31.03.2010 വരെയുള്ള തിരിച്ചടവ് കാലയളവ് പൂർത്തിയായതുമായ വായ്പ |

| | | | |
|---|---|---|---|
| | | | കളിൽ ഒരു ലക്ഷം രൂപ വരെ(മുതലും പലിശയും)യുള്ള വായ്പകൾ എഴുതി തള്ളു ന്നതിന് പദ്ധതി വകുപ്പ് നടപ്പിലാക്കി യിട്ടുണ്ട്. |
| (സി) | നിലവിൽ എത്ര രൂപയാണ് ഈ പദ്ധതിക്കായി വകയിരുത്തിയിരിക്കു ന്നത്: ഈ തുക പ്രസ്തുത പദ്ധതി യ്ക്കായി മതിയാകുമോ : ഇല്ലെങ്കിൽ അധികതുക അനുവദിക്കുമോ എന്ന് വ്യക്തമാക്കുമോ : | (സി) | വായ്പ എഴുതി തള്ളൽ പദ്ധതി പ്രകാരം വകയിരുത്തിയിട്ടുള്ള 50 കോടി രൂപയിൽ നിന്നും സഹകരണ സ്ഥാപനങ്ങളിൽ നിന്നുള്ള വായ്പകൾ എഴുതി തള്ളു ന്നതിനായി 44.33.96.000/- രൂപ സഹകരണ സംഘം രജിസ്ട്രാർക്ക് നൽ കിയിട്ടുണ്ട്. ഇതിന് പുറമേ 88,53,63,565/- രൂപ കൂടി വകുപ്പ് ആവശ്യപ്പെട്ടിട്ടുണ്ട്. ടി തുക അനുവദിക്കുന്ന കാര്യം സർക്കാരി ന്റെ പരിഗണനയിലാണ്. |
| (ഡി) | 31.03.2010 നകം അവധിയായ വായ്പകൾ എഴുതിത്തള്ളുന്ന ഈ പദ്ധതി 31.03.2016 വരെ അവധി യായ വായ്പകൾക്ക് കൂടി ബാധക മാക്കുന്ന കാര്യം പരിഗണിക്കുമോ എന്ന് വ്യക്തമാക്കുമോ ? | (ഡി) | നിലവിൽ 31.03.2010 ന് മുൻപ് തിരി ച്ചടവ് കാലാവധി പൂർത്തിയായ വായ്പ കളാണ് എഴുതി തള്ളുന്നതിന് പരിഗണി ക്കുന്നത്. ആയത് പട്ടിക വർഗ്ഗ വിക സന വകുപ്പിലേതുപോലെ 31.03.2014 വരെ ഉയർത്തി ഏകീകരിക്കുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലാണ്. |

(ഒപ്പ്)

**സെക്ഷൻ ഓഫീസർ.**